പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1570      11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ തസ്തികകൾ

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ പുതുതായി സൃഷ്ടിച്ച ഉയർന്ന തസ്തികകളുടെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ സ്ഥിര നിയമനത്തിനുള്ള ഉയർന്ന തസ്തികകൾ ഒന്നുംതന്നെ പുതുതായി സൃഷ്ടിച്ചിട്ടില്ല. എന്നാൽ 07-07-2017-ലെ G.O. (Rt) No. 329/2017/Tran നമ്പർ സർക്കാർ ഉത്തരവു പ്രകാരം ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലേയ്ക്ക് ഓരോന്നുവീതവും, ചാർട്ടേഡ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് അഞ്ച് എണ്ണവും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>ടി നിയമനങ്ങൾ നടത്തുന്നതിനായി സർക്കാർ ഒരു തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊണ്ടു പത്ര മാധ്യമങ്ങളിലും സർക്കാരി |
| (ബി) | ആയതിലേക്കുള്ള നിയമന രീതി വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ന്റെയും കെ.എസ്.ആർ.ടി.സി.യുടെയും ഔദ്യോഗിക വെബ്സൈറ്റുകളിലും പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ അപേക്ഷകളിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥിളെ തെരഞ്ഞെടുപ്പ് കമ്മിറ്റി അഭിമുഖം നടത്തി നിയമിക്കുന്നതായിരിക്കും. |
| (സി) | കെ.എസ്.ആർ.ടി.സി യിൽ നിലവിലുള്ള ജീവനക്കാരുടെ ഡ്യൂട്ടി സമയം വെട്ടിക്കുറച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) | ഇതുമൂലം കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വിശദമാക്കുമോ? | (ഡി) | ഡ്യൂട്ടി ഏകീകരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ലാഭ നഷ്ടങ്ങൾ സംബന്ധിച്ച കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**